**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കെ.സി. മാമ്മൻ മാപ്പിള ഹാൾ ധാരണാപത്രത്തിലെ വ്യവസ്ഥകൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (എം.എസ്)നം. 123/13/തസ്വഭവ തിരുവനന്തപുരം, തീയതി: 25.03.2013.

==================================================================

പരാമർശം:-1) കോട്ടയം നഗരസഭയും മാമ്മൻ മാപ്പിള ചാരിറ്റബിൾ ട്രസ്റ്റും തമ്മിലുള്ള 24.03.2004-ലെ ധാരണാപത്രം.

2) കോട്ടയം നഗരസഭാ കൗൺസിലിന്റെ 30.10.2003-ലെ 4.2-)o നമ്പർ തീരുമാനം.

3) കോട്ടയം നഗരസഭാ കൗൺസിലിന്റെ 09.03.2004-ലെ 37-)o നമ്പർ തീരുമാനം.

4) കോട്ടയം നഗരസഭാ കെസ്രട്ടറിയുടെ 09.01.2007-ലെയും 09.07.2009-ലെയും ആർ7-16116/01-)o നമ്പർ കത്തുകൾ.

5) 05.11.2009-ലെ 4302/ഡി.ബി.2/09/തസ്വഭവ നമ്പർ കത്ത്.

6) കോട്ടയം നഗരസഭയുടെ 28.10.2011-ലെ R7-16116/01 നമ്പർ കത്ത്.

## ഉത്തരവ്

കോട്ടയം നഗരസഭ വക കെ.സി. മാമ്മൻ മാപ്പിള ഹാളിന്റെ ദൈനംദിന പ്രവൃത്തികൾ മാമ്മൻ മാപ്പിള ചാരിറ്റബിൾ ട്രസ്റ്റിനെ ഏൽപ്പിച്ചുകൊണ്ട്, നഗരസഭയും, മാമ്മൻ മാപ്പിള ചാരിറ്റബിൾ ട്രസ്റ്റും തമ്മിൽ പരാമർശം (1) പ്രകാരം ധാരണാപത്രം ഒപ്പുവച്ചിരുന്നു.

2) ധാരണാപത്രത്തിലെ വ്യവസ്ഥകൾ അംഗീകരിക്കണമെന്ന കോട്ടയം നഗരസഭയുടെ പരാമർശം നാല് (4) പ്രകാരമുള്ള അപേക്ഷ, കരാറിന്റെ കാലാവധി നിശ്ചയിച്ച് ഉൾപ്പെടുത്താതെയുള്ള ധാരണാപത്രം കേരള മുനിസിപ്പാലിറ്റി നിയമത്തിന് വിരുദ്ധമായതിനാലും ധാരണാപത്രത്തിലെ 1-ഉം 7-ഉം വ്യവസ്ഥകൾ പരസ്പര വിരുദ്ധമായതിനാലും നഗരസഭ പ്രതിമാസം 30,000/- രൂപ നൽകണമെന്ന വ്യവസ്ഥ നിലനിൽക്കെ പ്രസ്തുത തുക നിശ്ചയിക്കാനുള്ള കാരണം വ്യക്തമല്ലാത്തതിനാലും പരാമർശം അഞ്ച് (5) സർക്കാർ കത്ത് പ്രകാരം നിരസിച്ചിരുന്നു.

(. . . .2)

3) ധാരണാപത്രത്തിന് അംഗീകാരം നൽകണമെന്നപേക്ഷിച്ചുകൊണ്ട് കോട്ടയം നഗരസഭ വീണ്ടും സർക്കാരിനെ സമീപിച്ചിരിക്കുന്നു. നാളിതുവരെയുള്ള കാലം കരാറിന്റെ കാലാവധിയായി അംഗീകരിച്ചും തുടർന്ന് 25.10.2011 (കൗൺസിൽ തീയതി) മുതൽ 5 വർഷത്തേയ്ക്ക് കരാർ കാലാവധി നിജപ്പെടുത്തിയും കോട്ടയം നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

4) കരാറിലെ 1,7 വ്യവസ്ഥകൾ ശരിയായ വായനയിൽ ആശയക്കുഴപ്പം ഉണ്ടാക്കുന്നില്ലായെന്നും വൈരുദ്ധ്യങ്ങൾ ഇല്ലായെന്നും കൗൺസിലിന് ബോദ്ധ്യപ്പെട്ടതായും കരാറിലെ ഒന്നാമത്തെ വ്യവസ്ഥ സാധാരണ ദൈനംദിന ചെലവുകൾ സംബന്ധിച്ചാണെന്നും , 7-)മത്തെ വ്യവസ്ഥ വാർഷിക അറ്റകുറ്റപ്പണികൾ, പെയിന്റിംഗ് തുടങ്ങിയവ സംബന്ധിച്ചാണെന്നും ഇവ രണ്ടും രണ്ടിനങ്ങളിലുള്ള ചെലവുകളാണെന്നും കൗൺസിലിന് ബോദ്ധ്യപ്പെടുകയും അപ്രകാരം 1,7 വ്യവസ്ഥകൾ പുനർ വായനയിൽ നിലവിലുള്ള പ്രകാരം അംഗീകരിച്ചും തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

5). ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉന്നയിച്ച തർക്കങ്ങൾ പിൻവലിച്ച് ധാരണാപത്രത്തിന് അംഗീകാരം നൽകണമെന്നാണ് കോട്ടയം നഗരസഭ അപേക്ഷിച്ചിരിക്കുന്നത്.

6) കോട്ടയം നഗരസഭയുടെ അപേക്ഷ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി.

കോട്ടയം നഗരസഭയുടെ 28.10.2011-ലെ R7-16116/01-)ം നമ്പർ കത്തിൽ നിലവിലുള്ള തടസ്സങ്ങൾ ദൂരീകരിച്ചതായി പറയുന്നുണ്ട്. കൂടാതെ ധാരണാപത്രം ഒപ്പു വച്ചത് 24.03.2004-)ം തീയിതിയാണെന്നതും, അതിനു ശേഷം ഏകദേശം ഒമ്പതു വർഷങ്ങളാകുന്നു എന്നതും, അന്നു മുതൽ പരാമർശ കെ.സി. മാമ്മൻ മാപ്പിള ഹാളിന്റെ മേൽനോട്ടവും പരിചരണവും കെ.സി. മാമ്മൻ മാപ്പിള ചാരിറ്റബിൾ ട്രസ്റ്റ് നിർവ്വഹിക്കുന്നുണ്ട് എന്നതും, ഹാളിന്റെ വരുമാനം നഗരസഭയാണ് എടുക്കുന്നത് എന്നതും കണക്കിലെടുക്കേണ്ടതുണ്ട്. കരാറിലെ കക്ഷികൾക്ക് ധാരണാ പത്രത്തിന്മേൽ എന്തെങ്കിലും തർക്കമുള്ളതായും കാണുന്നില്ല. നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഒരു പ്രധാനപ്പെട്ട ഹാൾ സംരക്ഷിക്കപ്പെടണമെന്ന നഗരസഭയുടെ ഉദ്ദേശശുദ്ധിയും മാനിക്കാവുന്നതാണ്.

7) ഈ സാഹചര്യത്തിൽ കോട്ടയം നഗരസഭയും കെ.സി. മാമ്മൻ മാപ്പിള ചാരിറ്റബിൾ ട്രസ്റ്റും തമ്മിൽ 24.03.2004-ൽ ഉണ്ടാക്കിയ ധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം കോട്ടയം നഗരസഭ, തങ്ങളുടെ ഉടമസ്ഥതയിലുള്ള കെ.സി. മാമ്മൻ മാപ്പിള ഹാളിന്റെ മേൽനോട്ടവും പരിചരണവും നിർവഹിക്കുന്നതിന് കെ.സി. മാമ്മൻ മാപ്പിള ചാരിറ്റബിൾ ട്രസ്റ്റിന് 25.10.2011 (കൗൺസിൽ തീയതി) വരെ കൊടുക്കേണ്ടതായ തുക കൊടുക്കുന്നതിനും, അതുവരെയുള്ള നടപടികൾ ക്രമവൽക്കരിക്കുന്നതിനും, ഈ വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

8) 25.10.2011-നു (കൗൺസിൽ തീയതി) ശേഷമുള്ള തുക അനുവദിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ പുതുക്കിയും, 5 വർഷത്തേക്ക് കരാർ കാലാവധി ഉൾപ്പെടുത്തിയും പുതിയ ധാരണാപത്രം പുറപ്പെടുവിക്കുവാൻ കോട്ടയം നഗരസഭയോട് നിർദ്ദേശിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**വി.എസ്. സെന്തിൽ**

ഗവ. പ്രിൻസിപ്പൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കോട്ടയം നഗരസഭ.
ചെയർമാൻ, കെ.സി. മാമ്മൻ മാപ്പിള ചാരിറ്റബിൾ ട്രസ്റ്റ്, കോട്ടയം.
അക്കൗണ്ടന്റ് ജനറൽ ( എ.&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എൽ.ബി.എ & എ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പൊതുഭരണ (എസ്.സി) വകുപ്പ് (20.03.2013-ലെ മന്ത്രിസഭാ യോഗ നടപടിക്കുറിപ്പുകൾ ഇനം. നം. 3223 പ്രകാരം)
നിയമം (ഡി) വകുപ്പ് (25.02.2013-ലെ 5274/ഡി.3/2013 നമ്പർ അനൗദ്യാഗിക കുറിപ്പ് പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- മുഖ്യമന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.